**246(2354) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം**

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം അനുവദിച്ച് ഉത്തരവ് ഉണ്ടായി നാളുകൾ കഴിഞ്ഞിട്ടും പണമില്ല എന്ന കാരണത്താൽ ജില്ലാ കളക്ടർ ധനസഹായം നൽകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1999 ജനുവരി 1-ാം തീയതി മുതൽ 29.2000 വരെ ഓരോ മാസവും ഈ ഇനത്തിൽ എന്ത് തുകയുടെ സർക്കാർ ഉത്തരവ് ഓരോ ജില്ലയിലേക്കും ഉണ്ടായിട്ടുണ്ടെന്നും അതിൽ എന്ത് തുക നാളിതുവരെ കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ല തിരിച്ച് ഓരോ മാസത്തേയും കണക്കുകൾ വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പണം അനുവദിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിക്കുന്ന പരമാവധി തുക കാലോചിതമായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)വിവരം സേഖരിച്ചു വരുന്നു.

(സി) 20000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം നൽകുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**247 (2356) ലോക്സഭാ തെരഞ്ഞെടുപ്പിൽ ഓരോ കക്ഷിക്കും ലഭിച്ച വോട്ട്**

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഓരോ രാഷ്ട്രീയ കക്ഷിക്കും എത്ര വോട്ടു വീതം കിട്ടുകയുണ്ടായി;

(ബി) ഓരോ രാഷ്ട്രീയ കക്ഷിക്കും നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എത്ര വോട്ടുകൾ വീതം കിട്ടി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

17 സീറ്റിൽ മത്സരിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസ് - 6019513

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 12 സീറ്റിൽ മത്സരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) | – | 4261010 |
| 14 സീറ്റിൽ മത്സരിച്ച ഭാരതീയ ജനതാപാർട്ടി | – | 1001742 |
| 4 സീറ്റിൽ മത്സരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ | – | 1156597 |
| 2 സീറ്റിൽ മത്സരിച്ച മുസ്ലീം ലീഗ് | – | 807953 |
| ഒരു സീറ്റിൽ മത്സരിച്ച കേരളാകോൺഗ്രസ്സ് (എം) | – | 355877 |
| ഒരു സീറ്റിൽ മത്സരിച്ച കേരളാ കോൺഗ്രസ്സ് | – | 363575 |
| 5 സീറ്റിൽ മത്സരിച്ച ജനതാദൾ (യുണൈറ്റഡ്) | – | 205973 |
| ഒരു സീറ്റിൽ മത്സരിച്ച ജനതാദൾ (സെക്കുലർ) | – | 330909 |
| 5 സീറ്റിൽ മത്സരിച്ച ബഹുജൻ സമാജ് പാർട്ടി | – | 14292 |
| 2 സീറ്റിൽ മത്സരിച്ച ശിവസേന | – | 4699 |
| 3 സീറ്റിൽ മത്സരിച്ച രാഷ്ട്രീയ ജനതാദൾ | – | 5645 |
| ഒരു സീറ്റിൽ മത്സരിച്ച സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി | – | 30675 |
| ഒരു സീറ്റിൽ മത്സരിച്ച അജേയ ഭാരത് പാർട്ടി | – | 2562 |
| 73 സ്വതന്ത്രർ (ആകെ) | – | 728075 |

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

**248 (2359) തീരദേശ നിയന്ത്രണ നിയമത്തിലെ ഇളവുകൾ**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ നിയമത്തിൽനിന്നും എന്തൊക്കെ ഇളവുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത്;

(ബി) ബന്ധപ്പെട്ട ഉത്തരവുകളുടെയും മറ്റും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) മറ്റെന്തൊക്കെ ഇളവുകൾ അനുവദിക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ 1991-ൽ പുറപ്പെടുവിച്ച തീരദേശനിയന്ത്രണ നിയമത്തിന്റെ തുടർച്ചയായി 1997 ജൂലൈ 9-ാം തീയതിയിലെ നം.എസ്.ഒ.494 (ഇ) പ്രകാരം പുറത്തിറക്കിയ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. സി.ആർ.ഇസഡ് 1 പ്രദേശങ്ങളിൽ ഉൾപ്പെടാത്ത നിലവിലുള്ള തുറമുഖങ്ങളുടെയും ഹാർബറുകളുടെയും പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉപരിതല ഗതാഗതവകുപ്പിന് എസ്.ഒ.464(ഇ)യിൽ ഉൾപ്പെടുത്തിയിട്ടുള്ള അനു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly